**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2724** — **17.10.2016-ൽ മറുപടിക്ക്**

# കുട്ടികളെ ഉപയോഗിച്ചുള്ള ഭിക്ഷാടനം

**ചോദ്യം** — **ശ്രീ.കെ.ഡി. പ്രസേനൻ**

**മറുപടി** — **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)**

(എ) സംസ്ഥാനത്ത് കുട്ടികളെ കാണാതാവുന്നത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കാണാതായ എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2011 മുതൽ 09.10.2016 വരെയുള്ള കാലയളവിൽ കാണാതായ കുട്ടികളുടെ എണ്ണവും കണ്ടെത്തിയ കുട്ടികളുടെ എണ്ണവും ചുവടെ കൊടുക്കുന്നു.

| വർഷം | കാണാതായ കുട്ടികളുടെ എണ്ണം | കണ്ടെത്തിയ കുട്ടികളുടെ എണ്ണം |
|---|---|---|
| 2011 | 952 | 923 |
| 2012 | 1079 | 1056 |
| 2013 | 1208 | 1188 |
| 2014 | 1229 | 1195 |
| 2015 | 1630 | 1617 |
| 2016 (09.10.2016 വരെ) | 1194 | 1142 |

(സി) കുട്ടികളെ ഉപയോഗിച്ചുള്ള ഭിക്ഷാടനം നിർത്തലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

(സി) ബസ് സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, തീർത്ഥാടന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ കർശനമായ പോലീസ് പട്രോളിംഗും രഹസ്യ നിരീക്ഷണങ്ങളും ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങളിൽ പിടിക്കപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ